## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. സർവ്വെ-2009-പരാതികളും അപേക്ഷകളും ആക്ഷേപങ്ങളും അന്വേഷിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സ് എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.3050/2011/തസ്വഭവ തിരുവനന്തപുരം, തീയതി, 21/12/2011

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-1. സ.ഉ.(സാധാ)നം.2887/2009/തസ്വഭവ, തീയതി: 04/11/2009.

2. സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 14/01/2011.

3. സർക്കുലർ നമ്പർ.28763/ഡി.ഡി.3/2011/തസ്വഭവ, തീയതി: 25/06/2011.

4. സ.ഉ.(പി)നമ്പർ.194/2011 തസ്വഭവ, തീയതി: 20/08/2011.

5. ഗ്രാമവികസന കമ്മീഷണറുടെ 02-12-11-ലെ 9548/ഡി.പി.1/09/സി.ആർ,.ഡി. നമ്പർ അർദ്ധഔദ്യോഗിക കത്ത്.

### ഉത്തരവ്

ബി.പി.എൽ. സംബന്ധിച്ച് അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ എന്നിവ അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ച് പരിശോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി. ഇതിനുള്ള സമയക്രമം 2011 ജൂലൈ 1 മുതൽ 16 വരെയായി പരാമർശം (3) പ്രകാരം പുനർ നിർണ്ണയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

എങ്കിലും വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അദ്ധ്യാപകരെ സർവ്വേകൾ പോലുള്ള ജോലികൾക്ക് നിയോഗിക്കുവാൻ വിലക്ക് നിലവിലുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ ഉത്തരവ് കൈപ്പറ്റുവാനോ, കൈപ്പറ്റിയവർ തന്നെ ബി.പി.എൽ. സംബന്ധിച്ച പരാതികൾ പരിശോധിക്കുവാനോ തയ്യാറായില്ല. ആയതിനാൽ ബി.പി.എൽ. സംബന്ധിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ എന്നിവ സമയബന്ധിതമായി പരിശോധിക്കുവാനോ തീർപ്പ് കൽപ്പിക്കുവാനോ കഴിഞ്ഞിട്ടില്ല.

പരാമർശം (4) പ്രകാരം സംസ്ഥാനത്ത് ഒരു സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ഈ സാഹചര്യത്തിൽ ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ, ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ബഹു: മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടി വഴി ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകൾ, സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സിന് ലഭിച്ച പരാതികൾ എന്നിവ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്സിന് നിയോഗിക്കുന്ന എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിപ്പിക്കാവുന്നതാണെന്ന പരാമർശം 5-ലെ ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. ഇതിനായി അതത് പ്രദേശത്തേയ്ക്ക് നിയോഗിക്കുന്ന എന്യൂമറേറ്റർമാർക്ക് ബി.പി.എൽ. സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ ലഭ്യമാക്കി പരിശോധിപ്പിക്കേണ്ടതും അവർക്ക് പരാമർശം (1) പ്രകാരം അനുവദനീയമായ നിരക്കിൽ താഴെ പറയും പ്രകാരം പ്രതിഫലം നൽകേണ്ടതുമാണ്.

(i). ദാരിദ്ര്യരേഖാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതിനെതിരെ ലഭിച്ച അപേക്ഷകൾ.

| | |
|---|---|
| ' എ ' ഫോറം മാത്രം പരിശോധനാ വിധേയമാക്കുകയും പരിശോധനയിൽ ബി ഫോറം പൂരിപ്പിക്കുന്നതിന് അർഹനല്ലെന്ന് കാണുകയും ചെയ്യുന്ന കുടുംബങ്ങളുടെ കാര്യത്തിൽ | 1.50 രൂപ |
| ' എ ' ഫോറം പരിശോധിക്കുകയും പരിശോധനയിൽ ' ബി ' ഫോറം കൂടി പൂരിപ്പിക്കേണ്ടതാണെന്ന് കാണുകയും ' ബി ' ഫോറം പൂരിപ്പിക്കുകയും ചെയ്യുന്ന കുടുംബങ്ങളുടെ കാര്യത്തിൽ | 5.00 രൂപ |
| (ii). ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ പട്ടികയിൽ (ബി ഫോറം പൂരിപ്പിച്ച് കുടുംബങ്ങളുടെ പട്ടികയിലെ) കുടുംബത്തെ സംബന്ധിച്ച വിവരങ്ങൾ ശരിയല്ലെന്ന ആക്ഷേപം ഉന്നയിച്ച് ലഭിച്ച അപേക്ഷകൾ പരിശോധിക്കുന്നതിന് (ബി ഫോറത്തിലെ വിവരങ്ങൾ പരിശോധിക്കുന്നതിന്) | 3.50 രൂപ |
| (iii). സർവ്വേ നടത്തുന്നതിൽ നിന്നും വിട്ടുപോയതായ കുടുംബങ്ങളിൽ സർവ്വേ നടത്തുന്നതിന് . | എ. ഫോറം പൂരിപ്പിക്കുന്നതിന് 1.50 രൂപയും ബി ഫോറം പൂരിപ്പിക്കുന്നതിന് 3.50 രൂപയും. |
| (iv). കുടുംബങ്ങളുടെ അർഹത സംബന്ധിച്ച ആക്ഷേപം ഉന്നയിച്ച് ലഭിച്ച പരാതികൾ (അനർഹരാണെന്ന് ആക്ഷേപം ഉന്നയിച്ച് ലഭിച്ച പരാതികൾ) പരിശോധിക്കുന്നതിന്. | 3.50 രൂപ |

എന്യൂമറേറ്റർമാർ പരിശോധിക്കുന്ന അപേക്ഷകളുടെ അഞ്ച് (5%) ശതമാനം ബന്ധപ്പെട്ട സൂപ്പർവൈസർമാരെക്കൊണ്ട് സൂപ്പർ ചെക്ക് ചെയ്യിക്കേണ്ടതും സൂപ്പർചെക്ക് ചെയ്യുന്ന അപേക്ഷാ ഫോറത്തിന്റെ തരം അനുസരിച്ച് മുകളിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ പ്രതിഫലം നൽകേണ്ടതുമാണ്.

ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായവരെ പുതിയതായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയും അനർഹരായവരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കിയും അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടുന്നതും ഈ പ്രക്രിയ 30-04-2012-നകം പൂർത്തീകരിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
7. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(നഗരകാര്യ ഡയറക്ടർമാർ മുഖേന).
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
9. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
10. എല്ലാ ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർമാർക്കും.
(കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന).
11. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
( ഗ്രാമവികസന കമ്മീഷണർ മുഖേന)
12. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.